പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2906 | 17.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **നേർവഴി പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. ചിറ്റയം ഗോപകുമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പ്രൊബേഷൻ സമ്പ്രദായം ആധുനികവത്ക്കരിച്ച് ശാക്തീകരിക്കുന്നതിനുള്ള നേർവഴി പദ്ധതിയുടെ തുടർഘട്ടത്തിൽ പദ്ധതിപ്രകാരം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ | (എ) സംസ്ഥാനത്തെ പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശാക്തീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'നേർവഴി' . ആറു മാസം വീതമുള്ള 5 ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ പൈലറ്റ് ഫെയ്സ് കണ്ണൂർ, പത്തനംതിട്ട, കൊല്ലം, വയനാട് എന്നീ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. തുടർന്ന് ഒന്നാംഘട്ട പദ്ധതി 14 ജില്ലകളിലായി നടപ്പിലാക്കേണ്ടതുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു<br>1. ട്രെയിനിംഗ് ഓഫ് പ്രോജക്ട് സ്റ്റാഫ്<br>2 അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ<br>3 ഐ.ഇ.സി പ്രോഗ്രാംസ്<br>4 എം.ഐ.എസ് സിസ്റ്റത്തിന്റെ കമ്പ്യൂട്ടറൈസേഷൻ<br>5 എം.ഐ.എസ് ട്രെയിനിംഗ്<br>6 ലീഗൽ കൗൺസിലേഴ്സിന്റെ നിയമനം<br>7 പാർട്ട് ടൈം ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ നിയമനം<br>8 പ്രൊബേഷൻ അസിസ്റ്റന്റുമാരുടെ നിയമനം |
| (ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ | (ബി) നേർവഴി പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 2,50,17,700/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 61,44,583/- രൂപയാണ് ചിലവ് കണക്കാക്കുന്നത്. |
| (സി) നടപ്പു വർഷം സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നേർവഴിപദ്ധതി അവലോകനയോഗ തീരുമാനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ | (സി) സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16.12.2015 ലാണ് അവലോകനയോഗം ചേർന്നിട്ടുള്ളത്. യോഗ തീരുമാനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| (ഡി) ആയതിൽ എന്തെല്ലാം തീരുമാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) ഒന്നാംഘട്ട പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 06.07.2016 ലെ സ.ഉ.(സാധാ) നം.317/2016/സാനീവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം അവലോകന യോഗതീരുമാന പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ചേമ്പറിൽ 16.12.2015 തീയതിയിൽ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നേർവഴി പദ്ധതി അവലോകനയോഗത്തിന്റെ മിനിട്ട്സ്**

പ്രൊബേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമവും ശക്തവുമായി നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നേർവഴി പദ്ധതിയുടെ ഭാഗമായ ഒരു അവലോകനയോഗം 16.12.2015 വൈകിട്ട് 4 മണിയ്ക്ക് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യനീതി ഡയറക്ടറുടെ ചേമ്പറിൽ ചേരുകയുണ്ടായി. തദവസരത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ശ്രീ. വി.എൻ. ജിതേന്ദ്രൻ, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
2. ശ്രീ. സി.കെ.രാഘവനുണ്ണി, അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
3. ശ്രീമതി. സുന്ദരി. സി, അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
4. ശ്രീ.ഷൺമുഖദാസ്, പ്രൊബേഷൻ ഓഫീസർ, കൊല്ലം.
5. ശ്രീ. തോമസ്സ്,പ്രൊബേഷൻ ഓഫീസർ,പത്തനംതിട്ട.
6. ശ്രീ. കെ.ടി അഷ്റഫ്,പ്രൊബേഷൻ ഓഫീസർ, കണ്ണൂർ.
7. ശ്രീ. സുരേഷ് ബാബു,പ്രൊബേഷൻ ഓഫീസർ, വയനാട്.
8. ശ്രീമതി. ശ്രീജ ചന്ദ്രൻ, ഹെഡ് അക്കൗണ്ടന്റ്, സാമൂഹ്യനീതി ഡയറക്ടേറ്റ്.

നേർവഴി പദ്ധതിയുടെ പൈലറ്റ് ഫെയ്സ് നടപ്പാക്കിയ കൊല്ലം, പത്തനംതിട്ട, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി പ്രൊബേഷൻ സംവിധാനം കൈവരിച്ച നേട്ടങ്ങൾ യോഗം വിശദമായി ചർച്ച ചെയ്യുകയുണ്ടായി ബന്ധപ്പെട്ട പ്രോബേഷൻ ഓഫീസർമാർ സമർപ്പിച്ച ഇമ്പാക്ട് അസസ്സ്മെന്റ് റിപ്പോർട്ടിന്റെയും മന്തിലി സ്റ്റാറ്റിസ്റ്റിക്സിന്റെയും അടിസ്ഥാനത്തിൽ നടന്ന ചർച്ചയിൽ പൈലറ്റ് ഫെയ്സ് നടപ്പാക്കിയ 4 ജില്ലകളിലും പ്രൊബേഷണർമാരുടെ എണ്ണത്തിലും, പ്രിലിമിനറി എൻക്വയറികളുടെ എണ്ണത്തിലുമുണ്ടായ കാര്യമായ വർദ്ധനവ് പദ്ധതിയുടെ വിജയമായി വിലയിരുത്തപ്പെടുകയുണ്ടായി. പത്രമാധ്യമങ്ങൾ വഴിയുള്ള വ്യാപകമായ പ്രചാരണം പൊതുജനങ്ങളിൽ പദ്ധതി സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് ഉതകിയതായും യോഗം അഭിപ്രായപ്പെട്ടു. കൂടാതെ വിചാരണ തടവുകാരുടെ സ്റ്റാറ്റിസ്റ്റിക്സ് പ്രൊബേഷൻ കൺസൾട്ടന്റ്മാർ മുഖാന്തിരം ശേഖരിക്കാൻ കഴിഞ്ഞത് പ്രൊബേഷൻ സംവിധാനത്തിൽ ഇദം പ്രഥമമാണെന്നും യോഗത്തിൽ വിലയിരുത്തപ്പെട്ടു. ക്രിമിനൽ ജസ്റ്റീസ് സംവിധാനത്തിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുക വഴി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർ ഒരളവു വരെ

വിജയിച്ചതായി യോഗം വിലയിരുത്തി. പൈലറ്റ് ഫെയ്സിൽ ഉൾപ്പെട്ടിരുന്നതും സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നിർദ്ദേശിച്ചു. കൂടാതെ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങളും കൈക്കൊള്ളുകയുണ്ടായി.

(1) 1960 ലെ കേരളാ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂളിലെ 1 (സി), 8 എന്നീ വകുപ്പുകൾ പ്രകാരം പ്രൊബേഷൻ ഓഫീസറുടെ ഉദ്യോഗ പേര് 'ജില്ലാ പ്രൊബേഷൻ ഓഫീസർ' എന്നാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരു സർക്കാർ ഉത്തരവിലൂടെ 24.12.2010 ൽ ഇത് 'പ്രൊബേഷൻ ഓഫീസർ' എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. ഇത് മാറ്റി വീണ്ടും റൂൾ പ്രകാരമുള്ള ജില്ലാ പ്രൊബേഷൻ ഓഫീസർ എന്ന ഉദ്യോഗപ്പേര് പുനസ്ഥാപിച്ച് കിട്ടുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

(2) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ നിലവിലുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ് - I (JJ) തസ്തികകൾ (ആകെ 3 എണ്ണം) റീജിയണൽ പ്രൊബേഷൻ ഓഫീസർ തസ്തികയിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കാൻ തീരുമാനിച്ചു.

(3) കേരളാ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്റ്റ് 1958 6(1) പ്രകാരം ആവശ്യമെങ്കിൽ സംസ്ഥാന സർക്കാരുകൾക്ക് ഹോണററി പ്രൊബേഷൻ ഓഫീസർമാരെ നിയമിക്കാവുന്നതാണ്. ഇത് പ്രകാരം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 14 ജില്ലകളിലും 1 വീതം ഹോണററി പ്രൊബേഷൻ ഓഫീസർമാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊബേഷൻ ഓഫീസർമാരുടെ ഔദ്യോഗിക പ്രവർത്തനങ്ങൾക്ക് സപ്പോർട്ടിംഗ് സ്റ്റാഫ് മാത്രം മതിയാകും എന്ന നിഗമനത്തിൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ഹോണററി പ്രൊബേഷൻ ഓഫീസർമാരെ 'പ്രൊബേഷൻ അസിസ്റ്റന്റ്' എന്ന് പുനർനാമകരണം ചെയ്ത് നിയമിക്കുന്നതിന് തീരുമാനിച്ചു.

(4) പൈലറ്റ് ഫെയ്സിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ പൂർത്തികരിക്കാൻ കഴിയാതിരുന്നതുമായ ലിറ്ററേച്ചർ റിവ്യൂ ഒഴിവാക്കുന്നതിന് പകരം പൈലറ്റ് ഫെയ്സിന്റെ ഇവാല്യൂവേഷൻ സ്റ്റഡി കാലടി ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് നടത്തുന്നതിനും തീരുമാനിച്ചു. ഇതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് മലപ്പുറം പ്രൊബേഷൻ ഓഫീസർ

Shyju P.
SO

ഗ്രേഡ്- I ശ്രീ. സിജു ബെന്നിനെ ചുമതലപ്പെടുത്തി.

(5) 2015 ഡിസംബർ 30 ന് കാലത്ത് 11 മണിക്ക് എല്ലാ പ്രൊബേഷൻ ഓഫീസർമാരെയും ഉൾപ്പെടുത്തി വീഡിയോ കോൺഫറൻസ് നടത്തുന്നതിനും നേർവഴി പദ്ധതിയുടെ ആദ്യഘട്ടം 2016 ജനുവരി മാസത്തോടെ ആരംഭിക്കുന്നതിനുമുള്ള തീരുമാനം കൈകൊണ്ടു. എല്ലാ ഡി.പി.ഒ മാരും വീഡിയോ കോൺഫറൻസിന് വേണ്ട സജ്ജീകരണങ്ങൾ ജില്ലാ കളക്ടേറ്റുമായി ബന്ധപ്പെട്ട് നടത്തേണ്ടതാണ്. വിഡിയോ കോൺഫറൻസിന്റെ അജണ്ട താഴെ ചേർക്കുന്നു.

(a) എല്ലാ ജില്ലകളിലും Probation Assistant നിയമനം.

(b) 2016 ജനുവരി 8 മുതൽ 10 വരെ കോഴിക്കോട് വച്ച് നടക്കുന്ന സാമൂഹ്യനീതി ദിനാഘോഷത്തിൽ സ്റ്റാൾ സംഘടിപ്പിക്കുന്നത്.

(c) നേർവഴി പൈലറ്റ് ഫേസിൽ പറഞ്ഞിരിക്കുന്ന ഇവാല്യുവേഷൻ സ്റ്റഡി.

(d) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന പ്രൊബേഷൻ സംബന്ധമായ രജിസ്റ്ററുകളുടെ വിവര ശേഖരണം.

(e) സംസ്ഥാനത്തെ എല്ലാ പ്രൊബേഷൻ ഓഫീസുകളിലേയും മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള ഒരു ദിവസത്തെ ട്രെയിനിംഗ് module തയ്യാറാക്കൽ.

യോഗം 5 മണിക്ക് അവസാനിച്ചു.

സെക്ഷൻ ഓഫീസർ